# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം


വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

**ഫോൺ:** 04712302490 **ഫാക്സ്:**04712303025/20303080

ഇ-മെയിൽ: dhskerala@gmail.comവെബ്സൈറ്റ്: www.dhs.kerala.gov.in


നം. ഇ.ഡി.4-13/2019/ആ.വ.ഡ. തീയതി: 20/06/2019

## പരിപത്രം

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -തസ്തിക മാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേക്ക് നിയമനം നൽകുന്നതിന് ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

സൂചന:-

*****************

ആരോഗ്യവകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 1 : 1 റേഷ്യോ പ്രകാരം കെ.പി.എസ്.സി./ടൈപ്പിസ്റ്റുമാരിൽ നിന്നും ബൈ ട്രാൻസ്ഫർ പ്രൊമോഷൻ എന്നിവ വഴിയാണ് നിയമനം നടത്തുന്നത്. തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് ആരോഗ്യവകുപ്പിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ആയതിലേക്ക് തസ്തിക മാറ്റം വഴി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് ഡിപ്പാർട്ടുമെന്റിലെ യോഗ്യതയുള്ള ടൈപ്പിസ്റ്റുമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. സേവന വിവരങ്ങളും, യോഗ്യതയും സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് അപേക്ഷ (ബയോഡേറ്റ) പരിപത്രത്തിലെ തീയതി മുതൽ 15 ദിവസത്തിനകം ജില്ലാ മെഡിക്കൽ ആഫീസർമാർ മുഖേന ഈ ഓഫീസിൽ അയച്ചു തരേണ്ടതാണ്. നിശ്ചിത സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷ പരിഗണിക്കുന്നതല്ല.

1. യോഗ്യത:-
   1) +2 വിജയം/തത്തുല്യം
   2) ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് ഇൻ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (കെ.ജി.റ്റി.ഇ.) & കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് അല്ലെങ്കിൽ തത്തുല്യം.

      *നോട്ട്: 2002 ന് മുൻപ് കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് പാസ്സായവർ പ്രത്യേകം പാസ്സായ കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് അല്ലെങ്കിൽ തത്തുല്യ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.*

   3) ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് ഇൻ ടൈപ്പ് റൈറ്റിംഗ് മലയാളം (കെ.ജി.റ്റി.ഇ.) അല്ലെങ്കിൽ തത്തുല്യം.
   4) ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് ഇൻ ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് (കെ.ജി.റ്റി.ഇ.) അല്ലെങ്കിൽ തത്തുല്യം.
   5) ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് ഇൻ ഷോർട്ട് ഹാൻഡ് മലയാളം (കെ.ജി.റ്റി.ഇ.) അല്ലെങ്കിൽ തത്തുല്യം.
2. നിയമന രീതി:-

   അപേക്ഷകരിൽ രേഖപ്പെടുത്തിയ യോഗ്യതയുള്ള ടൈപ്പിസ്റ്റ് തസ്തികയിലെ ഏറ്റവും സേവന ദൈർഘ്യം കൂടുതലുള്ള ജീവനക്കാരെയാണ് നിയമിക്കുന്നത് നിയമിക്കുന്ന ജില്ല/സ്ഥാപനം എന്നിവ എപ്പോൾ വേണമെങ്കിലും മാറ്റം വരാവുന്നതാണ്.

(ഒപ്പ്)
ബി. എസ്. ബിജു ഭാസ്കർ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ്:-

1 എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും.
2 ജീവനക്കാർക്ക് (സ്ഥാപന മേധാവികൾ മുഖേന).
3 ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
4 ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ -20/06

**GOVERNMENT OF KERALA**